**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1312** — **07-02-2023 - ൽ മറുപടിയ്ക്ക്**

**ടൂറിസം മേഖലയിൽ ലഭിച്ച അംഗീകാരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം മേഖലയിൽ ഏതെല്ലാം ദേശീയ, അന്തർദേശീയ ബഹുമതികളും അംഗീകാരങ്ങളുമാണ് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | അന്താരാഷ്ട്ര തലത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്ത ടൂറിസം അവാർഡായ '**വേൾഡ് റെസ്പോൺസിബിൾ ടൂറിസം അവാർഡ്'** ഉൾപ്പെടെ നിരവധി പുരസ്കാരങ്ങൾ കേരള ടൂറിസത്തിന്റെ പ്രവർത്തനങ്ങൾക്ക് ലഭിച്ചിട്ടുള്ളവയിൽ പ്രധാന അന്താരാഷ്ട്ര പുരസ്കാരങ്ങൾ ചുവടെ ചേർക്കുന്ന പ്രകാരമാണ്.<br><br>1. **World Travel Mart Responsible Tourism Awards – 2021**<br><br>Category : Increasing Diversity in Tourism – One to Watch<br><br>Recipient : Aymanam – Model RT Village – Responsible Tourism Mission Kerala<br><br>2. **Travel + Leisure Global Vision Award 2022**<br><br>Recipient : Responsible Tourism Mission Kerala<br><br>3. **Aymanam Model RT Village is listed as one of the must watch destination in 2022.**<br><br>4. **Gold Awards by ICRT International on September 2022 –** Destination Building Back Better – Post Covid<br><br>5. **Gold Awards by ICRT International on September 2022 –** Increasing |

| | | | |
|---|---|---|---|
| | | | Diversity in Tourism – How inclusive is our industry?<br><br>6. **Gold Awards by ICRT International on September 2022 –** Reducing Plastic Waste in the Environment<br><br>7. **Gold Awards by ICRT International on September 2022 –** Conserving Water and improving water scarcity & supply for neighbours<br><br>8. നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചിക 2020 - 21 ൽ കേരളത്തിന് ഒന്നാം സ്ഥാനം.<br><br>9. ഇന്ത്യാ ടുഡേ ന്യൂസ് മാഗസിൻ സംഘടിപ്പിച്ച സ്റ്റേറ്റ് സർവ്വേ 2021 - ൽ മോസ്റ്റ് ഹാപ്പി സ്റ്റേറ്റ് ആയി കേരളം തെരഞ്ഞെടുക്കപ്പെട്ടു.<br><br>10. ട്രാവൽ & ലെയ്ഷർ ഇന്ത്യ റീഡേഴ്സ് ചോയ്സ് അവാർഡ് 2022-ബെസ്റ്റ് വെഡ്ഡിംഗ് ഡെസ്റ്റിനേഷൻ.<br><br>11. ബുക്കിംഗ് ഡോട്ട് കോം എന്ന ഡിജിറ്റൽ ട്രാവൽ ഏജൻസി പ്രഖ്യാപിച്ച ട്രാവലർ റിവ്യൂ അവാർഡ്സ് 2022 – ൽ മോസ്റ്റ് വെൽക്കമിംഗ് റീജിയൻ എന്ന അംഗീകാരം കേരളത്തിന് ലഭ്യമായി. പ്രസ്തുത പട്ടികയിൽ ഇത് നാലാം തവണയാണ് കേരളം ഒന്നാമതായത്.<br><br>12. ഇന്ത്യാ ടുഡേ സംഘടിപ്പിച്ച സർവ്വേയിൽ ടൂറിസം രംഗത്ത് ബെസ്റ്റ് പെർഫോമിംഗ് സ്റ്റേറ്റ് ആയി കേരളം തെരഞ്ഞെടുക്കപ്പെട്ടു. |
| (ബി) | ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഭാഗമായി ഏതെല്ലാം ടൂറിസം പദ്ധതികളാണ് സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഭാഗമായി ആരംഭിച്ച പങ്കാളിത്ത ടൂറിസം വികസന പദ്ധതികളാണ് 'സ്ട്രീറ്റ്'- (സസ്റ്റൈനബിൾ, ടാൻജിബിൾ, റെസ്പോൺസിബിൾ, എക്സ്പീരിയൻഷ്യൽ, എത്നിക് ടൂറിസം) പദ്ധതി', 'പെപ്പർ – (പീപ്പിൾസ് പാർട്ടിസിപ്പേഷൻ ഫോർ പാർട്ടിസിപ്പേറ്ററി പ്ലാനിംഗ് ആന്റ് എംപവർമെന്റ് ത്രൂ റെസ്പോൺസബിൾ ടൂറിസം) പദ്ധതി', മാതൃക |

ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ. ഈ പദ്ധതികൾ ചെറുകിട ടൂറിസം സംരംഭങ്ങളുടെയും പ്രാദേശിക ടൂറിസ്റ്റ് സ്പോട്ടുകളുടെയും വികസനത്തിന് കൂടുതൽ ആഭ്യന്തര വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിൽ നിർണായകമാകുന്നുണ്ട്. ഫാം ടൂറിസം പ്രവർത്തനങ്ങളെ കൂടുതൽ ജനകീയമാക്കുന്നതിനും പ്രസ്തുത പ്രവർത്തനങ്ങളിലേക്ക് കൂടുതൽ ആളുകളെ പങ്കാളികളാക്കുന്നതിനുമായി ഉത്തരവാദിത്ത ടൂറിസം മിഷൻ 'കേരള അഗ്രീ ടൂറിസം നെറ്റ്‌വർക്ക്' എന്ന പദ്ധതി 2021 സെപ്റ്റംബർ മാസം ലോഞ്ച് ചെയ്തിട്ടുണ്ട്. സ്ത്രീകളുമായി ബന്ധപ്പെട്ട വിനോദസഞ്ചാരത്തിന്റെ വിവിധ വശങ്ങൾ ഉൾക്കൊള്ളുന്ന പ്രത്യേക സ്ത്രീ സൗഹൃദ ടൂറിസം എന്ന പുതിയ പദ്ധതിക്ക് മിഷൻ ഈ സാമ്പത്തിക വർഷം തുടക്കം കുറിച്ചിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പിലാക്കുന്ന "എക്സ്പീരിയൻസ് എത്‌നിക് ലോക്കൽ ക്യൂസീൻ നെറ്റ്‌വർക്ക്" എന്ന പദ്ധതി കേരളത്തിന്റെ തനത് വിഭവങ്ങൾ സഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതിനോടൊപ്പം തന്നെ സാധാരണക്കാരായ വീട്ടമ്മമാരെ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് വരുമാനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ്. ഉത്തരവാദിത്ത ടൂറിസം മിഷൻ നടത്തിവരുന്ന മറ്റ് പ്രധാന പ്രവർത്തനങ്ങൾ ചുവടെ പറയുന്നവയാണ്.

പ്രാദേശികമായി വിനോദസഞ്ചാര പ്രവർത്തനങ്ങൾ ആരംഭിക്കുകയും വളർത്തിയെടുക്കുകയും ചെയ്യുക.

ടൂറിസം വ്യവസായവുമായി പ്രാദേശിക സമൂഹത്തെ ബന്ധിപ്പിക്കുക.

ഉത്തരവാദിത്ത ടൂറിസം ആശയങ്ങൾ പ്രചരിപ്പിക്കുകയും പ്രയോഗവൽക്കരിക്കുന്നതിനു പ്രോത്സാഹനം നൽകുക.

വില്ലേജ് ടൂർ, റൂറൽ ടൂർ. കൾച്ചറൽ ടൂർ, ഫെസ്റ്റിവൽ ടൂർ, എക്സ്പീരിയൻഷ്യൽ ടൂർ, ഫാം / അഗ്രി ടൂർ, പൈതൃക ടൂർ, ഫുഡ് / ക്യൂസീൻ ടൂർ, അക്സസിബിൾ ടൂർ പാക്കേജുകൾ ആരംഭിക്കുകയും പ്രൊമോട്ട് ചെയ്യുകയും ചെയ്യുക.

| | | | |
|---|---|---|---|
| | | | ടൂറിസത്തിലൂടെ തദ്ദേശീയർക്ക് തൊഴിൽ ലഭ്യമാക്കുക.<br><br>പരിസ്ഥിതി സൗഹൃദ ടൂറിസം പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുകയും മാലിന്യ വിമുക്ത ടൂറിസം കേന്ദ്രങ്ങൾ എന്ന ആശയം ടൂറിസം സംരംഭകരുടെയും പ്രാദേശിക സമൂഹത്തിന്റെയും സഹകരണത്തോടെ നടപ്പാക്കുക.<br><br>ടൂറിസ്റ്റുകളും ടൂറിസം വ്യവസായികളും തദ്ദേശീയ സമൂഹവും തമ്മിൽ ആരോഗ്യകരമായ ബന്ധവും സൗഹൃദവും വളർത്തിയെടുക്കുക.<br><br>ടൂറിസം വികസനത്തിൽ പ്രാദേശിക ജനവികാരത്തിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ താൽപ്പര്യത്തിനും പ്രാമുഖ്യം കൊടുക്കുന്ന പദ്ധതികൾ രൂപപ്പെടുത്തുക.<br><br>ഹോട്ടലുകൾക്കും റിസോർട്ടുകൾക്കുമുള്ള ആർ ടി ക്ലാസ്സിഫിക്കേഷൻ.<br><br>പരമ്പരാഗത തൊഴിൽ, കൃഷി, പ്രാദേശിക കലാരൂപങ്ങൾ, ഉത്സവങ്ങൾ, ആഘോഷങ്ങൾ, സംസ്കാരം എന്നിവ ടൂറിസത്തിലൂടെ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക. അതിനായുള്ള പാക്കേജുകൾ തയ്യാറാക്കി പ്രചരിപ്പിക്കുക.<br><br>തദ്ദേശവാസികളെ ടൂറിസവുമായി ബന്ധിപ്പിക്കുന്നതിനുള്ള എല്ലാ തൊഴിൽ പരിശീലനങ്ങളും, തദ്ദേശവാസികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മറ്റു സ്റ്റേക്ക് ഹോൾഡർമാർ എന്നിവർക്കാവശ്യമായ അവബോധ പ്രവർത്തനങ്ങളും സംഘടിപ്പിക്കുക.<br><br>പൊതുജന പങ്കാളിത്തത്തോടെ പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തി വികസിപ്പിക്കുക. |
| (സി) | തിരുവനന്തപുരം ജില്ലയിലെ കോവളം-വർക്കല-പൊൻമുടി എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഹെലി ടൂറിസം പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് ഹെലി ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒരു കരട് ഹെലി ടൂറിസം നയം തയ്യാറാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ